# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3125 — 28.01.2014-ൽ മറുപടിയ്ക്ക്

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ

**ചോദ്യം** — **മറുപടി**

**ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി**

**ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**
(പൊതുമരാമത്ത് വകുപ്പുമന്ത്രി)

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(എ) പൊതുമരാമത്ത് വകുപ്പിൽ റോഡ് പണികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി പ്രവൃത്തികൾ നടപ്പാക്കാനുള്ള നടപടി 01.10.2013 മുതൽ സ്വീകരിച്ചിട്ടുണ്ട്. അതുപോലെ, കെട്ടിട വിഭാഗത്തിന്റെ പണികൾ കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി നടപ്പാക്കുന്നതിനുള്ള നടപടിയും 01.10.2013 മുതൽ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന നിർമ്മാണ ജോലികളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനായി എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഓരോ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബുകളും മറ്റ് 11 ജില്ലകളിൽ ക്വാളിറ്റി കൺട്രോൾ ജില്ലാ ലാബുകളും 01.10.2013 മുതൽ നിലവിൽ വന്നു. തിരുവനന്തപുരം ജില്ലയിലെ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള ചുമതല കെ.എച്ച്.ആർ.ഐ ക്ക് നൽകിയിട്ടുണ്ട്.

(ബി) ഓരോ പ്രവൃത്തിക്കും പ്രത്യേകം കാലയളവ് വയ്ക്കുകയും അതിനുള്ളിൽ നിർമ്മാണം തകരാറിലായാൽ കരാറുകാരുടെ ചെലവിൽ നന്നാക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഡിഫക്ട് ലയബിലിറ്റി കാലാവധി നിശ്ചയിക്കുകയും ഈ കാലാവധിക്കുള്ളിൽ കാണുന്ന തകരാറുകൾ കരാറുകാരുടെ ചെലവിൽ നന്നാക്കുകയും ചെയ്യുന്നുണ്ട്.

(സി) ടെണ്ടർ തുകയേക്കാൾ കുറഞ്ഞ നിരക്കിൽ ചെയ്യുന്ന പ്രവൃത്തികളുടെ മോണിറ്ററിംഗ് പ്രത്യേകം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) കുറഞ്ഞ നിരക്കിന തത്തുല്യമായി തുകയുടെ പെർഫോർമൻസ് ഗ്യാരണ്ടി, എഗ്രിമെന്റിനൊപ്പം വാങ്ങുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. തൃപ്തികരമായി പണി പൂർത്തിയാക്കിയതിനു ശേഷമേ ഈ തുക തിരിച്ചുനൽകുകയുള്ളൂ.